Circular No: SBV 04 /2014-16

# സമസ്ത കേരള സുന്നി ബാലവേദി


(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 9287274809, 0494 2400530, 2400749


"നന്മയിൽ കൂടൊരുക്കാം"

# SKSBV

# വീ-ഗൈഡ്'15

## ഏപ്രിൽ, മെയ് മാസങ്ങളിൽ

ബഹുമാന്യരെ, "അസ്സലാമു അലൈക്കും"

പഠനത്തിനും പരീക്ഷകൾക്കും വിരാമമിട്ട് അവധിക്കാലമെത്തിക്കഴിഞ്ഞു. ഈ 2 മാസക്കാലയളവിൽ വ്യക്തമായ ദിശാബോധത്തിൽ നമ്മുടെ വിദ്യാർത്ഥികളെ നയിക്കാൻ നാം ബാധ്യസ്ഥരാണ്. വിശ്വാസവഴിയിൽ കൂടുതൽ കരുത്താർജ്ജിച്ച് നന്മയുടെ വാതായനങ്ങൾ തുറക്കുവാൻ അവർക്കായി വിവിധ പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു. (ഇ:അ:) ഇനി മുതൽ 4 പുതിയ വിംഗുകളുടെ കീഴിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ആകയാൽ താഴെപ്പറയുന്നവ വെക്കേഷൻ കാലയളവിൽ നടപ്പിൽ വരുത്തുവാൻ അറിയിക്കുന്നു.

**ജില്ലാ പര്യടനം**

അതത് ജില്ലാകേന്ദ്രങ്ങളിൽ സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കും. വിശദവിവരങ്ങൾ സൈറ്റിൽ ലഭ്യമാണ്.

### ALIF

1. **സെറ്റ് കരിയർ**

റെയിഞ്ച്തലത്തിൽ എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി **സെറ്റ് കരിയർ** എന്ന പേരിൽ കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്.

പരിചയ സമ്പന്നരായ അദ്ധ്യാപകരെ ക്ലാസ്സിനായി ഉപയോഗപ്പെടുത്തണം.

### HIDMA

1. **മാഗസിൻ നിർമ്മാണം:**

ബഹു: സമസ്ത 90-ാം വാർഷികം പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ 90 വർഷത്തിനിടയിൽ നമ്മുടെ നാട്ടിൽ ഇസ്‌ലാമിക പൈതൃകം നിലനിറുത്തുന്നതിൽ ബഹു: സമസ്ത വഹിച്ച പങ്ക് വളരെ വലുതാണ്. അവയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് കുരുന്നു കരങ്ങളിലൂടെ അവയുടെ ചരിത്രം എഴുതുക എന്ന ലക്ഷ്യത്തോടെയാണ് "പൈതൃകം തേടി" എന്ന പേരിൽ മാഗസിൻ നിർമ്മാണം സംഘടിപ്പിക്കുന്നത്.

- ശാഖാതലത്തിൽ ഒരെണ്ണം ആണ് തയ്യാറാക്കേണ്ടത്.
- 10-ൽ കുറയാത്ത കുട്ടികൾ ഉൾപ്പെടുന്ന എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുക.
- 30-ൽ കുറയാത്ത പേജ് ഉണ്ടായിരിക്കേണ്ടതാണ്.
- നാടിന്റെ, മദ്രസ്സ-മസ്ജിദിന്റെ ചരിത്രപരമായ ചിത്രങ്ങൾ, മുൻകാല ഉസ്താദുമാർ, കാരണവന്മാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ, അവരുടെ അനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തുക
- ഒറിജിനൽ ശാഖയിൽ സൂക്ഷിക്കേണ്ടതും രണ്ട് സെറ്റ് ഫോട്ടോകോപ്പി മെയ് 15-ന് മുൻപ് റെയ്ഞ്ചിൽ ഏൽപ്പിക്കേണ്ടതുമാണ്.
- റെയ്ഞ്ചിൽ മൂല്യനിർണ്ണയം നടത്തി ഒന്നാമതെത്തുന്നതിന്റെ കോപ്പി ജൂൺ 1-ന് മുൻപ് സംസ്ഥാന കമ്മിറ്റി ഓഫീസിലേയ്ക്ക് അയക്കുക.
- തുടർപദ്ധതികൾ സർക്കുലർ മുഖേന അയക്കുന്നതാണ്.

2. **പഠന സിയാറത്ത് യാത്ര**

വെക്കേഷൻ കാലയളവിൽ വിവിധങ്ങളായ ചരിത്ര സ്ഥലങ്ങൾ, മഖ്ബറകൾ എന്നിവ ഉൾപ്പെടുത്തി ശാഖാ കമ്മറ്റികൾ പഠന സിയാറത്ത് യാത്ര സംഘടിപ്പിക്കുക.

3. **<u>വാളണ്ടിയർ ടീം :</u>**

സംസ്ഥാനതലത്തിൽ പുതിയ വിംഗുകൾ നിലവിൽ വന്നിരിക്കുകയാണ്. ഇതിലെ "ഖിദ്മ"യുടെ സന്നദ്ധ സേവന വിഭാഗം - വാളണ്ടിയർ ടീം പ്രാഥമിക ഘട്ടമെന്ന നിലയയിൽ ശാഖാതലത്തിൽ രൂപീകരിക്കേണ്ടതാണ്. ഇതിന്റെ തുടർ പദ്ധതികൾ സർക്കുലർ മുഖേന പിന്നീട് അറിയിക്കുന്നതാണ്.

**<u>ADAB</u>**

1. **നേതാവിന്റെ കൂടെ**

☞ വെക്കേഷൻ കാലയളവിന്റെ ഭാഗമായി ആരംഭിക്കുന്ന പദ്ധതി

☞ മുതിർന്ന നേതാക്കളുടെ ജീവിത രീതികളും പ്രവർത്തന അനുഭവവും പഠിപ്പിക്കൽ ഉദ്ദേശം

☞ ശാഖ മുതൽ ജില്ല വരെ സംഘടിപ്പിക്കുക.

☞ അതത് കമ്മറ്റികളുടെ പരിധിയിലെ സമസ്തയുടെ നേതാക്കളെ സന്ദർശിക്കുക.

☞ വെക്കേഷന് ശേഷം 2 മാസത്തിൽ ഒരിക്കൽ ജില്ലാകമ്മറ്റി നടത്തേണ്ടതാണ്.

2. **<u>ഗൈഡിംഗ് വർക്ക്ഷോപ്പ് :</u>**

അവധിക്കാലം വ്യക്തമായ വഴികാട്ടൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ആവശ്യമാണ്. അതിനായി ശാഖാതലത്തിൽ ഏഴ്ദിന വർക്ക്ഷോപ്പ് സംഘടിപ്പിക്കേണ്ടതാണ്. സ്വഭാവ സംസ്ക്കരണം, ആദർശം, ദിക്ർദുആ മനപ്പാഠമാക്കൽ, സംഘാടനം തുടങ്ങിയ വിഷയങ്ങളിൽ ചുരുങ്ങിയത് 2 മണിക്കൂർ വീതം ഒരു ദിവസം ക്ലാസ്സ് സംഘടിപ്പിക്കേണ്ടതും, 30-ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ബാച്ചുകളായി നടത്തേണ്ടതാണ്.

**<u>Why - 5 ?</u>**

**MRP - മീഡിയ റീഫ്രഷിംഗ് പ്രോഗ്രാം**

കുരുന്നുകൾ, സുപ്രഭാതം, ഫേസ് ബുക്ക്, വാട്ട്സ് ആപ്, ഈ-മെയിൽ തുടങ്ങിയ മീഡിയകളുടെ ഉപയോഗത്തിന്റെ പുതിയ തലങ്ങൾ കണ്ടെത്താൻ ശാഖാ കമ്മറ്റികൾ മുഖേന നടത്തേണ്ട പരിപാടി.

ഇതിന്റെ ഭാഗമായി മദ്രസ്സയിൽ കൂടുതൽ കുരുന്നുകൾ വരിക്കാരെ ചേർക്കേണ്ടതാണ്.

ഈ സർക്കുലർ കിട്ടിയാൽ ഉടൻ അതത് റെയ്ഞ്ചിലെ എല്ലാ മദ്രസകൾക്കും എത്തിക്കേണ്ടതാണ്. നാം ചെയ്യുന്ന പ്രവർത്തനങ്ങൾ ഓരോന്നും അള്ളാഹു സ്വീകരിച്ച് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്,

ചേളാരി,
01-04-2015

**ജനറൽ സെക്രട്ടറി (ഒപ്പ്)**
SKSBV സംസ്ഥാന കമ്മറ്റി